**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4267** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് നൽകിയിട്ടുള്ള ക്ഷേമനിധി പെൻഷൻ, സാമൂഹിക സുരക്ഷാ പെൻഷൻ എന്നിവയുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും സംസ്ഥാനത്ത് ക്ഷേമനിധി പെൻഷൻ, സാമൂഹിക സുരക്ഷാ പെൻഷൻ എന്നീ ഇനങ്ങളിൽ എത്ര പേർക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2016-21 ലെ സർക്കാർ കാലയളവിൽ ശരാശരി 4,985,861 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും, 1,017,169 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ള 4,772,279 പേരും, ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുവാൻ അർഹതയുള്ള 10,17,169 പേരുമാണ് ഉണ്ടായിരുന്നത് (19.05.2021-ലെ കണക്കുകൾ പ്രകാരം). 2016-21 സർക്കാർ കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 30054.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ടി കാലയളവിൽ വിവിധ ക്ഷേമനിധി ബോർഡുകളിലായി 1,017,169 പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 7038.83 കോടി രൂപ ചെലവഴിച്ചു.<br><br>സാംസ്കാരിക വകുപ്പ് മുഖേന വിതരണം ചെയ്യുന്ന കലാകാര പെൻഷൻ 2958 ഗുണഭോക്താക്കൾക്കും, അവശ കലാകാര പെൻഷൻ 307 ഗുണഭോക്താക്കൾക്കും നൽകുന്നതിനായി 26.15 കോടി രൂപയും, കായിക യുവജനക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സർക്കസ് പെൻഷൻ 1349 ഗുണഭോക്താക്കൾക്കും, അവശ കായികതാര പെൻഷൻ 122 ഗുണഭോക്താക്കൾക്കും നൽകുന്നതിനായി 12.08 കോടി രൂപയും ചെലവഴിച്ചു.<br><br>ഈ സർക്കാർ കാലയളവിൽ വിവിധ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 5067443 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 15195.94 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷനുകളുടെയും, വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>ഈ സർക്കാർ കാലയളവിൽ സാംസ്കാരിക വകുപ്പ് മുഖേന വിതരണം ചെയ്യുന്ന കലാകാര പെൻഷൻ 2385 ഗുണഭോക്താക്കൾക്കും, അവശ കലാകാര പെൻഷൻ 193ഗുണഭോക്താക്കൾക്കും നൽകുന്നതിനായി 9.88 കോടി രൂപയും, കായിക യുവജനക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ എന്നിവ നൽകുന്നതിനായി 3.57 കോടിയോളം രൂപയും ചെലവഴിച്ചു.<br><br>മുൻസർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ നൽകുന്നതിനായി 3.07 കോടി രൂപയും (ഗുണഭോക്താക്കൾ – |

397; പ്രതിവർഷ ശരാശരിയിൽ) തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റത്തൊഴിലാളി പെൻഷൻ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 14.47 കോടി രൂപയും (ഗുണഭോക്താക്കൾ - 1716; പ്രതിവർഷ ശരാശരിയിൽ) ചെലവഴിച്ചു.

(ബി) പ്രസ്തുത കാലയളവിൽ 44 ക്ഷേമനിധി പെൻഷനുകൾ, വിശ്വകർമ്മ പെൻഷൻ, തെങ്ങുകയറ്റ തൊഴിലാളി പെൻഷൻ, ക്യാൻസർ പെൻഷൻ, അവശകലാകാര പെൻഷൻ മുതലായ പെൻഷനുകളിൽ ഓരോ പെൻഷൻ ഇനത്തിലും നൽകിയിട്ടുള്ള തുകയെത്രേയെന്ന് പ്രത്യേകമായി നൽകാമോ?

(ബി) സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളുടേയും, തനത് ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന 13 ക്ഷേമനിധി ബോർഡുകളുടേയും പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ സംബന്ധിച്ച വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 490 | 68,08,850 |
| 2017-18 | 163 | 16,58,000 |
| 2018-19 | 239 | 42,37,500 |
| 2019-20 | 378 | 49,64,800 |
| 2020-21 | 498 | 47,08,239 |
| 2021-22 | 699 | 49,99,363 |
| 2022-23 | 312 | 32,79,946 |
| ആകെ | | **3,06,56,698** |

തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റത്തൊഴിലാളി പെൻഷൻ സംബന്ധിച്ച വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 1788 | 1,32,67,090 |
| 2017-18 | 1781 | 2,47,34,000 |
| 2018-19 | 1779 | 2,34,91,200 |
| 2019-20 | 1806 | 2,28,33,300 |
| 2020-21 | ട്രഷറി നിയന്ത്രണങ്ങളെത്തുടർന്ന് പെൻഷൻ വിതരണം നടത്തിയിട്ടില്ല. ആയത് തുടർന്നുള്ള കാലയളവിൽ (2021-22) നൽകിയിട്ടുണ്ട്. | |
| 2021-22 | 1816 | 4,04,80,300 |
| 2022-23 | 1328 | 1,98,61,700 |

റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ക്യാൻസർ പെൻഷൻ സംബന്ധിച്ച വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| മുൻ സർക്കാർ (2016-21) | 3,66,661 | 364,46,89,888/- രൂപ |
| ഈ സർക്കാർ കാലയളവ് (2021-2022 ) | 191053 | 149,06,89,159/- രൂപ |

സാംസ്കാരിക വകുപ്പ് മുഖേന വിതരണം ചെയ്യുന്ന കലാകാര പെൻഷൻ, അവശ കലാകാര പെൻഷൻ സംബന്ധിച്ച വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| മുൻ സർക്കാർ (2016-21) | അവശ കലാകാര പെൻഷൻ- 307<br><br>കലാകാര പെൻഷൻ- 2958 | 26.15 കോടി |
| ഈ സർക്കാർ കാലയളവ് (2021-2022 ) | അവശ കലാകാര പെൻഷൻ- 193<br><br>കലാകാര പെൻഷൻ- 2385 | 9.88 കോടി |
| | അവശകായികതാര പെൻഷൻ (113)<br><br>സർക്കസ് പെൻഷൻ<br><br>1213 | 14.5 ലക്ഷം<br><br>3.43 കോടി |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

| നം. | ക്ഷേമനിധി ബോർഡുകൾ | ഗുണഭോക്താക്കളുടെ എണ്ണം ( 2022 ഡിസംബർ മാസത്തെ കണക്ക് പ്രകാരം ) | ഈ സർക്കാർ കാലയളവിൽ അനുവദിച്ച തുക (2022 ഡിസംബർ വരെ) |
|---|---|---|---|
| 1 | കർഷക പെൻഷൻ | 254000 | 7969395200 |
| 2 | കേരള കയർ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 77538 | 2458444600 |
| 3 | കേരള വ്യാപാരി ക്ഷേമ നിധി ബോർഡ് | 13025 | 338572300 |
| 4 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 9035 | 291219200 |
| 5 | കേരള ഖാദി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 573 | 20092800 |
| 6 | കേരള ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 10892 | 318259093 |
| 7 | ആഭരണ തൊഴിലാളി  ക്ഷേമ നിധി ബോർഡ് | 834 | 23884640 |
| 8 | കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 68914 | 2144681600 |
| 9 | കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 87605 | 2483936000 |
| 10 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 16127 | 472296000 |
| 11 | കേരള ക്ഷീര കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡ് | 57501 | 786552862 |
| 12 | കേരള ലോട്ടറി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 5889 | 159590720 |
| 13 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ നിധി ബോർഡ് | 719 | 19816000 |
| 14 | കേരള കശുവണ്ടി തൊഴിലാളി ക്ഷേമ നിധി ബോർഡ് | 62719 | 2020969600 |
| 15 | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 3423 | 105203200 |
| 16 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) | 4775 | 143239200 |
| | അൺ അറ്റാച്ച്ഡ് വിഭാഗം | 10684 | 566227992 |
| 17 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 866 | 46006262 |
| 18 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 348156 | 6669182243 |
| 19 | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | 3748 | 276932800 |
| 20 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ് വെൽഫെയർ ഫണ്ട് ബോർഡ് | 8868 | 511752895 |
| 21 | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 14094 | 484914800 |
| 22 | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 19519 | 1223703273 |
| 23 | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 1345 | 55503000 |
| 24 | കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 4167 | 102071000 |
| 25 | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | 381 | 13516555 |
| 26 | ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ് | 31913 | 1409278299 |
| 27 | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും ക്ഷേമനിധി ബോർഡ് | 62 | 2181800 |
| 28 | കേരള മദ്രസ അദ്ധ്യാപക ക്ഷേമ നിധി ബോർഡ് | 1526 | 63490900 |
| | ആകെ | **1118898** | **31180914834** |